# കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

**ICAR-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം**
**കൃഷ്ണപുരം – 690 533, കേരളം**

January - March 2020
ജനുവരി – മാർച്ച് 2020

Vol. 18 Issue - 01
വാല്യം 18 ലക്കം –01

# വാർത്താപത്രിക
# NEWSLETTER

QR CODE


## ഓണാട്ടുകരയിലെ എള്ളുകൃഷി സമൃദ്ധിക്കായി പദ്ധതി



ഭാരത സർക്കാർ നടപ്പിലാക്കുന്ന എണ്ണക്കുരുക്കളുടെ ഉത്പാദന വർദ്ധന പദ്ധതികളുടെ ഭാഗമായി ശാസ്ത്രീയ പരിപാലനത്തിലൂടെ എള്ളിന്റെ ഉത്പാദന വർദ്ധന ലക്ഷ്യമിട്ട് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം ചെട്ടികുളങ്ങര പഞ്ചായത്തിൽ ഒരു പ്രദർശന പദ്ധതി നടപ്പിലാക്കി. അത്യുത്പാദന ശേഷിയുള്ള 'തിലറാണി', 'തിലക്' എന്നീ ഇനങ്ങളും, പ്രധാന വളർച്ചാഘട്ടങ്ങളായ 4-5 ഇലപ്പരുവം, ശാഖകളുണ്ടാകുന്ന സമയം, പൂവിടൽ, കായ്കളുണ്ടായിത്തുടങ്ങുമ്പോൾ എന്നീ സമയങ്ങളിൽ പോർട്ടബിൾ സ്പ്രിംഗ്ലർ ഉപയോഗിച്ച് ജലസേചനം നടത്തിയും വിളവ് വർദ്ധിപ്പിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

കേരളത്തിൽ എള്ളുകൃഷിയുടെ പ്രധാന മേഖലയായ ഓണാട്ടുകരയിലെ ചെട്ടിക്കുളങ്ങര പഞ്ചായത്തിൽ കഴിഞ്ഞ 18 വർഷമായി തരിശുകിടന്ന ചക്കോലിവയൽ പാടശേഖരത്തിലെ 25 ഏക്കർ സ്ഥലമാണ് ഗ്രാമ പഞ്ചായത്തിന്റെയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും സഹകരണത്തോടെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിലമൊരുക്കി കൃഷിയിറക്കിയത്. വിത്തിടൽ ഉദ്ഘാടനം കായംകുളം എം.എൽ.എ. അഡ്വ. യു. പ്രതിഭ നിർവ്വഹിച്ചു. ഓണാട്ടുകര എള്ളിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന് ഭൗമസൂചികാ പദവി ലഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും തദവസരത്തിൽ എം.എൽ.എ. ഉയർത്തിക്കാട്ടി.

ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ, ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സി. കൃഷ്ണമ്മ, കൃഷി ഓഫീസർ ശ്രീമതി. ലേഖാ മോഹൻ, ജനപ്രതിനിധികൾ തുടങ്ങിയവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

ചെട്ടിക്കുളങ്ങര പഞ്ചായത്തിലെ 11-ാം വാർഡിലെ നാല് ജെ.എൽ.ജി.കളിൽപ്പെട്ട മുപ്പതോളം വനിതാ കർഷകരാണ് ശ്രീമതി. ചന്ദ്രിക, ശ്രീമതി. സരോജിനിയമ്മ എന്നിവരുടെ നേതൃത്വത്തിൽ എള്ളിന്റെ പ്രദർശന കൃഷിയിൽ ഏർപ്പെട്ടത്.

തിലറാണി, തിലക് എന്നീ അത്യുൽപാദനശേഷിയുള്ള ഇനങ്ങൾ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്തപ്പോൾ നാടൻ ഇനങ്ങളേക്കാൾ 24 ശതമാനം വരെ കൂടുതൽ വിളവ് ലഭിച്ചു. ഇതുവഴി ഒരേക്കറിൽ നിന്ന് 6500 രൂപയോളം അധിക വരുമാനം ലഭിച്ചത് പങ്കാളികളായ കർഷകർക്ക് നേട്ടമായി. മെച്ചപ്പെട്ട ഇനങ്ങൾ വ്യാപിപ്പിക്കുകയും ശാസ്ത്രീയ രീതികൾ അവലംബിക്കുകയും ചെയ്താൽ എള്ള് കൃഷിയിലൂടെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്ന് കർഷകർക്ക് ഈ പ്രദർശന പരിപാടിയിലൂടെ ബോധ്യമായി.

### നാളികേര കർഷകർക്കായി ജില്ലാതല സെമിനാർ

നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 'ശാസ്ത്രീയ നാളികേര കൃഷിയും മൂല്യവർദ്ധനവും' എന്ന വിഷയത്തിൽ ഒരു ജില്ലാതല ഏകദിന സെമിനാർ ഫെബ്രുവരി 19-ന് സി.പി.സി.ആർ.ഐ. ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. സെമിനാർ ഉദ്ഘാടനം ചെയ്ത കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം മേധാവി ഡോ. അനിതാ കരുൺ ഉയർന്ന വിളവിനായി തെങ്ങിന്റെ ശരിയായ പരിപാലനത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. സി.പി.സി.ആർ.ഐ. കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. എസ്. കലാവതി, ആലപ്പുഴ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ എന്നിവർ കർഷകരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.


**കെ. വി. കെ. യുമായി ബന്ധപ്പെടാൻ...**

**ഹെഡ്,**
**കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ, സി.പി.സി.ആർ.ഐ.(ആർ.എസ്.),**
**കായംകുളം, കൃഷ്ണപുരം പി.ഒ.–690533.**
**ഫോൺ/ഫാക്സ് : 0479 2449268,0479 2959268, 9447790268**
Email: kvkalapuzha@gmail.com | www.kvkalappuzha.org





ഡോ. അബ്ദുൽ ഹാരിസ്, ഡോ. മെറിൻ ബാബു, ശ്രീമതി. ജിസ്സി ജോർജ്ജ് എന്നിവർ വിളപരിപാലനം, സസ്യ സംരക്ഷണം, മൂല്യവർദ്ധനം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. നാളികേര വികസന ബോർഡ് ഡെവലപ്മെന്റ് ഓഫീസർ ശ്രീമതി. എ. ജയശ്രീ, ബോർഡിന്റെ വിവിധ നാളികേര വികസന പദ്ധതികളെക്കുറിച്ച് കർഷകർക്ക് അവബോധം നൽകി. തെങ്ങ് കൃഷി സംബന്ധിച്ച ലഘുലേഖകളും ഇന്ത്യൻ നാളികേര ജേണലിന്റെ ഒരു കോപ്പിയും പങ്കെടുത്ത എല്ലാ കർഷകർക്കും വിതരണം ചെയ്തു. ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി കൃഷിഭവൻ മുഖേന തെരഞ്ഞെടുക്കപ്പെട്ട 150-ഓളം നാളികേര കർഷകർ സെമിനാറിൽ സജീവമായി പങ്കെടുത്തു.

## വളപ്രയോഗ ബോധവൽക്കരണ സെമിനാർ



കേന്ദ്ര കൃഷി-കർഷകക്ഷേമ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കാർഷിക വിളകളിൽ അനുവർത്തിക്കേണ്ട മണ്ണ് പരിശോധന, ജൈവവളങ്ങളുടെ ഉപയോഗം, മണ്ണ് പരിശോധനാധിഷ്ഠിത രാസവള പ്രയോഗം, കുമ്മായ വസ്തുക്കളുടെ ഉപയോഗം എന്നിവയുടെ പ്രാധാന്യം കർഷകരിലെത്തിക്കുന്നതിനായി ഒരു ജില്ലാതല ഏകദിന സെമിനാർ ഫെബ്രുവരി 20-ന് സി.പി.സി.ആർ.ഐ. ആഡിറ്റോറിയത്തിൽ വച്ച് നടത്തി. ആമുഖ പ്രഭാഷണം നടത്തിയ സി.പി.സി.ആർ.ഐ. പ്രാദേശിക കേന്ദ്രം മേധാവി ഡോ. എസ്. കലാവതി, സംയോജിത വളപ്രയോഗത്തിന്റെ പ്രാധാന്യം എടുത്തു പറഞ്ഞു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ 'കാർഷിക പാരിസ്ഥിതിക യൂണിറ്റുകളെ അടിസ്ഥാനമാക്കിയുള്ള മണ്ണിന്റെ പരിപാലന' ത്തെക്കുറിച്ചും, ഡോ. കെ. സജ്നനാഥ് 'പ്രധാന വിളകളിലെ സംയോജിത പോഷക പ്രയോഗ'ങ്ങളെക്കുറിച്ചും കർഷകരുമായി സംവദിച്ചു. 'സംയോജിത വളപ്രയോഗം', 'ഇ.എം. ലായനി ഉപയോഗിച്ചുള്ള ജൈവവള നിർമ്മാണം' എന്നീ വിഷയങ്ങളെ ആധാരമാക്കിയുള്ള വീഡിയോ പ്രദർശനവും നടത്തി. കൃഷി വകുപ്പിന്റെ സഹായത്തോടെ വിവിധ പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നൂറ്റി അഞ്ച് കർഷകർ സെമിനാറിൽ സജീവമായി പങ്കെടുത്തു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെയും കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും വിവിധ പ്രദർശന യൂണിറ്റുകൾ സന്ദർശിക്കാനുള്ള അവസരവും തദവസരത്തിൽ ഒരുക്കിയിരുന്നു.

## വനിതാദിനം ആചരിച്ചു

"അവകാശങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിലൂടെ സാമൂഹിക തുല്യതയിലേക്ക്", "ഗാർഹിക പോഷക സുരക്ഷയ്ക്കായി പോഷകത്തോട്ട നിർമ്മാണത്തിന്റെ പ്രാധാന്യം" എന്നീ ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മാർച്ച് 7-ന് അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് കൃഷ്ണപുരം ഡിവിഷൻ മെമ്പർ കുമാരി അരിതാ ബാബു, മുതുകുളം ഡിവിഷൻ മെമ്പർ ശ്രീമതി. ബബിതാ ജയൻ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി പങ്കെടുത്തു. കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച വനിതാ കർഷകരായ ശ്രീമതി. ആർ. ജഗദമ്മ (വിളപരിപാലനം), ശ്രീമതി. വിജി ഗോപൻ (മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണം), ശ്രീമതി. പി. സതി (കൂൺ കൃഷി), ശ്രീമതി. അനിതാകുമാരി (സംയോജിത കൃഷി), ശ്രീമതി. ഷീബാ സാദിക്ക് (ക്ഷീരോൽപാദനം) എന്നിവരെ ചടങ്ങിൽ ആദരിച്ചു. വനിതകളുടെ അവകാശ സംരക്ഷണത്തെക്കുറിച്ച് ശ്രീമതി. പി.



ഗീത (സെന്റർ ഫോർ സോഷ്യൽ സ്റ്റഡീസ്, ആലപ്പുഴ) മുഖ്യ പ്രഭാഷണം നടത്തി. വീട്ടുവളപ്പിലെ പോഷകത്തോട്ട നിർമ്മാണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും രീതികളെക്കുറിച്ചും ശ്രീമതി. ജിസ്സി ജോർജ്ജ്, ശ്രീ. കെ. സജ്നനാഥ് എന്നിവർ ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം മേധാവി ഡോ. എസ്. കലാവതി, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്ത അറുപതോളം വനിതാ കർഷകരെ അഭിസംബോധന ചെയ്തു.



## കന്നുകാലികളിലെ രോഗനിയന്ത്രണ പദ്ധതി

ഭാരതസർക്കാരിന്റെ ധനസഹായത്തോടെ മൃഗസംരക്ഷണ വകുപ്പിന്റെ ദേശീയ പദ്ധതിയുടെ ഭാഗമായി വള്ളികുന്നം ക്ഷീരോൽപാദക സംഘത്തിലെ ക്ഷീരകർഷകർക്കായി കന്നുകാലികളിലെ വിവിധ രോഗങ്ങളെ നിയന്ത്രിക്കാനുള്ള പ്രചരണ പരിപാടി മാർച്ച് 10-ാം തീയതി സംഘത്തിൽ വച്ച് സംഘടിപ്പിച്ചു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രജനി ജയദേവ് ഉദ്ഘാടനം ചെയ്തു. കന്നുകാലികളിൽ കാണപ്പെടുന്ന കുളമ്പുരോഗം, ബ്രൂസല്ലോസിസ് എന്നീ രോഗങ്ങളെ 2025-ഓടുകൂടി പൂർണ്ണമായും നിവാരണം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യമെന്ന് ആമുഖ പ്രഭാഷണത്തിൽ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ വിശദീകരിച്ചു. കന്നുകാലികളിലെ പ്രധാന രോഗങ്ങളുടെ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും അവയ്ക്കെതിരെയുള്ള മുൻകരുതലുകളെക്കുറിച്ചും കെ.വി.കെ. സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. എസ്. രവി കർഷകരെ ബോധവൽക്കരിച്ചു. ചടങ്ങിൽ പങ്കെടുത്ത 120 കർഷകർക്ക് മരുന്നുകളും ലഘുലേഖകളും വിതരണം ചെയ്തു.

## കോഴിവളർത്തലിൽ തൊഴിലധിഷ്ഠിത പരിശീലനം



ഭാരതീയ കാർഷിക നൈപുണ്യ കൗൺസിലിന്റെ (ASCI) ധനസഹായത്തോടെ, ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 പേർക്ക് ചെറുകിട കോഴിവളർത്തലിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകി. കൃഷി വിജ്ഞാന കേന്ദ്രത്തിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.എസ്സ് രവിയുടെ നേതൃത്വത്തിൽ 2020 ജനുവരി 20-ാം തീയതി മുതൽ മാർച്ച് 18 വരെയുള്ള കാലയളവിൽ മുപ്പത് ദിവസങ്ങളിലായി നടത്തിയ ഈ പരിശീലന പരിപാടിയിൽ ഇറച്ചി ക്കോഴി/മുട്ടക്കോഴി, താറാവ്, കാട വളർത്തലിന്റെ വിവിധ ശാസ്ത്രീയ വശങ്ങൾ, വിരിഞ്ഞിറങ്ങുന്നത് മുതൽ വിൽപ്പന വരെയുള്ള കോഴി കുഞ്ഞുങ്ങളുടെ പരിപാലനം, വാക്സിനേഷൻ, ഡ്രസ്സിംഗ്, പാക്കിംഗ്, വിപണനം എന്നീ വിഷയങ്ങളിൽ വിശദമായ പ്രായോഗിക പരിശീലനം നൽകി. ഇതിനുപുറമെ ഒരു സംരംഭകനായി മാറാനുള്ള അടിസ്ഥാന വിജ്ഞാനവും തയ്യാറെടുപ്പുകളും പരിശീലനാർത്ഥികൾക്ക് ലഭ്യമാക്കി. ഈ പരിശീലന പരിപാടിയുടെ ഭാഗമായി ചെങ്ങന്നൂരിലെ ഗവൺമെന്റ് ഹാച്ചറി, കെ.വി.കെ.യിൽ നിന്നും പരിശീലനം നേടി വിജയകരമായി കോഴി ഫാം നടത്തിവരുന്ന സംരംഭകരുടെ കോഴി വളർത്തൽ യൂണിറ്റ് എന്നിവ സന്ദർശിച്ച് അവരുടെ അനുഭവം നേരിട്ടറിയാനും അവസരം ഒരുക്കിയിരുന്നു.

## ശാസ്ത്രോപദേശക സമിതി യോഗം




കെ.വി.കെ.യുടെ പതിനെട്ടാമത് ശാസ്ത്രോപദേശക സമിതി യോഗം ഫെബ്രുവരി 18-ന് സി.പി.സി.ആർ.ഐ. ആക്ടിങ് ഡയറക്ടർ ഡോ. അനിതാ കരുണിന്റെ അദ്ധ്യക്ഷതയിൽ നടന്നു. എ.റ്റി.എ.ആർ.ഐ., ബാംഗ്ലൂരു ആക്ടിങ് ഡയറക്ടർ ഡോ. എം.ജെ. ചന്ദ്രഗൗഡ കാലാവസ്ഥാ വ്യതിയാനത്തെ തരണം ചെയ്യാനുള്ള സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. സി.പി.സി.ആർ.ഐ. കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. എസ്. കലാവതി, ആത്മ, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, വ്യവസായ വകുപ്പുകൾ, കുടുംബശ്രീ, ദൂരദർശൻ തുടങ്ങിയവയുടെ പ്രതിനിധികൾ, കോട്ടയം, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ കൃഷി വിജ്ഞാന കേന്ദ്രം മേധാവികൾ/പ്രതിനിധികൾ, തെരഞ്ഞെടുക്കപ്പെട്ട കർഷക പ്രതിനിധികൾ എന്നിവരടക്കം 25 അംഗങ്ങൾ പങ്കെടുത്തു. കെ.വി.കെ. മേധാവി ഡോ. പി. മുരളീധരനും സബ്ജക്ട് മാറ്റർ

സ്പെഷ്യലിസ്റ്റുകളും ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശാസ്ത്രോപദേശക സമിതി അംഗങ്ങൾ വിവിധ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അടുത്ത വർഷത്തേക്കുള്ള പദ്ധതികൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## മുൻനിര പ്രദർശന പരിപാടി പയറുകൃഷിയിലെ സംയോജിത രോഗനിയന്ത്രണം



തഴക്കര പഞ്ചായത്തിൽ നടപ്പിലാക്കിയ 'പയറുകൃഷിയിലെ സംയോജിത രോഗനിയന്ത്രണം' എന്ന മുൻനിര പ്രദർശന പരിപാടിയുടെ സമാപന അവലോകനയോഗം 10.03.2020-ൽ പാറൻകുളങ്ങര വി.എഫ്.പി.സി.കെ. വിപണിയിൽ വെച്ച് നടത്തി. സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ജൈവ കീടനാശിനികൾ എന്നിവ ഉപയോഗിച്ചുള്ള പരിസ്ഥിതി സൗഹാർദ്ദ രോഗനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ചപ്പോൾ ചെടികളുടെ ആരോഗ്യം മെച്ചപ്പെട്ടതായും വിളവിൽ 35% വർദ്ധനവ് ഉണ്ടായതായും പങ്കാളികളായ കർഷകർ അനുഭവം പങ്കുവച്ചു. തഴക്കര പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. എസ്. അനിരുദ്ധൻ, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ, സാങ്കേതിക വിദഗ്ദ്ധ ശ്രീമതി. ജി. ലേഖ, വി.എഫ്.പി.സി.കെ. അസിസ്റ്റന്റ് മാനേജർ ശ്രീമതി. ഉഷസ്, കർഷക പങ്കാളികളായ ശ്രീമതി. ബി. ലളിത, ശ്രീമതി. വത്സല, ശ്രീമതി. കുഞ്ഞുമോൾ എന്നിവർ സംസാരിച്ചു. മുൻനിര പ്രദർശന പരിപാടിയിൽ ഉപയോഗിച്ച 'ഗീതിക' എന്ന പയറിന് മൊസേക് രോഗപ്രതിരോധശേഷി, മെച്ചപ്പെട്ട പാചകഗുണം, വിളവെടുപ്പിനു ശേഷം 3-4 ദിവസം വരെ വാടാതെയിരിക്കൽ എന്നീ ഗുണങ്ങളും ഉള്ളതായി കർഷകർ അഭിപ്രായപ്പെട്ടു.

## സാങ്കേതിക വിദ്യകൾ കുട്ടനാട്ടുകാർക്ക് ആടുകളെ വളർത്താൻ 'ഉയർന്ന കൂട്'



വർഷാവർഷം വരുന്ന വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ പാടുപെടുന്ന ആട് കർഷകർക്ക് ആശ്വാസമായാണ് കൃഷി വിജ്ഞാന കേന്ദ്രം "ഉയർന്ന കൂടുകളിൽ ആടുകളെ വളർത്തുന്ന" സാങ്കേതിക വിദ്യ കുട്ടനാട്ടുകാരെ പരിചയപ്പെടുത്തിയത്. പരിമിതമായ സ്ഥലത്ത് വെള്ളപ്പൊക്കത്തെ അതിജീവിക്കാനുതകുന്ന തരത്തിൽ ഉയർന്ന കൂടുകളിൽ ആടുകളെ വളർത്തുന്ന രീതിയാണിത്.

കൂട്ടിൽ നിന്നും പുറത്തിറക്കാതെ തീറ്റ നൽകി വളർത്തുന്ന ആടുകൾക്ക് ഒരാടിന് 1 ചതുരശ്ര മീറ്റർ എന്ന കണക്കിൽ പത്ത് ആടിന് 10 ചതുരശ്ര മീറ്റർ വിസ്തീർണ്ണമാണ് കൂടിന് ആവശ്യമുള്ളത്. എന്നാൽ പകൽ സമയം തുറന്നുവിട്ട് വളർത്തുന്ന രീതിക്ക് അനുസൃതമായി പത്താടുകൾക്ക് 6 ചതുരശ്ര മീറ്റർ എന്ന തോതിൽ സ്ഥല ലഭ്യത ഉറപ്പു വരുത്തി 3 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലുമാണ് കൂട് നിർമ്മിച്ചത്.

കൂട് നിർമ്മിക്കാനായി 4 അടി ഉയരത്തിൽ 9 തൂണുകൾ 1 മീറ്റർ അകലത്തിലാണ് സ്ഥാപിക്കേണ്ടത്. പി.വി.സി. പൈപ്പുകളിൽ ഇരുമ്പ് കമ്പികളും കോൺക്രീറ്റ് മിശ്രിതവും നിറച്ചാണ് തൂണുകൾ തയ്യാറാക്കുന്നത്. തൂണുകൾക്ക് മുകളിൽ കൂടിന്റെ പ്രതലം ജി.ഐ. പൈപ്പുകൊണ്ടുള്ള ചട്ടക്കൂടിനുള്ളിൽ ഒരേ ഉയരത്തിൽ മരപ്പലകകൾ 1 സെ.മി. വിടവ് വരുന്ന തരത്തിൽ നിരത്തിവെച്ച് ഉറപ്പിച്ചതാണ്. കൂടിന്റെ വശങ്ങൾ ചെയിൻ ലിങ്ക് ഉപയോഗിച്ച് മറയ്ക്കാം. ശീതകാലത്ത് പച്ചനിറത്തിലുള്ള ഷേഡ് നെറ്റ് ഉപയോഗിച്ച് തണുപ്പിൽ നിന്ന് രക്ഷനേടാം. കൂട് നിർമ്മിക്കാൻ 30,000 രൂപവരെ ചെലവാകുമെങ്കിലും ഇത്തരം കൂടുകൾ വർഷങ്ങളോളം ഈട് നിൽക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

2011-19 കാലയളവിൽ "കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി" യുടെ ഭാഗമായി മുട്ടാർ, തലവടി പഞ്ചായത്തുകളിലായി ഇതുവരെ 35 ഓളം കൂടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വെള്ളപ്പൊക്കക്കാലത്ത് ഇത്തരം കൂടുകളുടെ പ്രാധാന്യം മനസ്സിലാക്കിയ മറ്റു കർഷകരും ഈ മാതൃക സ്വീകരിച്ച് സ്വന്തം ചെലവിൽ കൂടുകൾ നിർമ്മിക്കുവാൻ തുടങ്ങിയതോടെ നിലവിൽ തൊണ്ണൂറോളം ഇത്തരം കൂടുകൾ മുട്ടാർ, തലവടി പഞ്ചായത്തുകളിലായുണ്ട്. വെള്ളപ്പൊക്കം മൂലമുള്ള ആടുകളുടെ മരണനിരക്കും തുടർന്നുള്ള സാംക്രമിക രോഗങ്ങളും വളരെയധികം കുറയ്ക്കാൻ ഇത്തരം കൂടുകൾ സഹായകമാകുന്നു.

Printed & Published by: **Dr. (Mrs.) Anitha Karun**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation: **Dr. K. Sajnanath** SMS
Technical Inputs: **Dr. S. Ravi, Lekha G , Rajeev M.S., Dr. T. Sivakumar & Jissy George**
Technical Support : **Ansary K.M., Bijila P.V., Arathy J., & Rani Krishna K.**